ഈ വക കാര്യങ്ങളിൽ ജനപ്രതിനിധികൾ എന്ന നിലയ്ക്ക് ഉപദേശക സമിതി അംഗങ്ങൾക്ക് ഗവണ്മെൻറ് പ്രതിനിധികളെ ഉപദേശിക്കേണ്ട ചുമതലയുണ്ട്.

(ബി) ഓരോ പ്രദേശത്തും പണം ചെലവാക്കുന്നതു് അവിടത്തെ പ്രാദേശികാവശ്യങ്ങളുടേയും, ഉപദേശകസമിതി നിശ്ചയിച്ചിരിക്കുന്ന മുൻഗണനകളുടേയും, പൊതുജനങ്ങളിൽനിന്നും ലഭിക്കാവുന്ന സഹകരണത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും.

(സി) ഗവണ്മെൻറിനെ ഉപദേശിക്കുവാൻ കമ്മിറ്റിക്കു് അധികാരമുണ്ട്.

(ഡി) കഴിയുന്നതും കമ്മിറ്റികളുടെ ശുപാർശ അനുസരിച്ചു് പ്രവർത്തിക്കുവാൻ യത്നിക്കുന്നതാണു്.

പ്രാദേശികാവശ്യങ്ങളെ സംബന്ധിക്കുന്ന കത്തുകൾ.

* 846. [68] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം., എൽ. എ. മാർ പ്രാദേശികാവശ്യങ്ങളേയും മറ്റും സംബന്ധിച്ചു് ഗവണ്മെൻറിലേയ്ക്കു് അയയ്ക്കുന്ന കത്തുകൾക്കു് മറുപടി കൊടുക്കുമ്പോൾ ആവശ്യപ്പെട്ട കാര്യം സംബന്ധിച്ചു്—അവയുടെ മുഴുവൻ സ്വഭാവത്തേയും സംബന്ധിച്ചു്—വിവരം നൽകുന്ന ഏർപ്പാടു് ഉണ്ടോ;

(ബി) ഇല്ലെങ്കിൽ മറുപടിയിൽ ഓരോ കാര്യങ്ങളുടേയും വിശദമായ വിവരണങ്ങളുടക്കം ആവക കാര്യങ്ങളിൽ എന്തു പ്രവർത്തിച്ചു എന്നുകൂടി എഴുതി അയപ്പിക്കാൻ നിർദ്ദേശം കൊടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കഴിവുള്ളിടത്തോളം വിശദമായ വിവരങ്ങളുടങ്ങിയ മറുപടികൾ അയയ്ക്കുന്നുണ്ടു്.

(ബി) അതാതു വിഷയങ്ങളുടെ സ്വഭാവം അനുസരിച്ചു്, യുക്തമായ മറുപടി അയയ്ക്കുന്നതിനു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

പുതിയ സ്കൂളുകൾ.

* 847. [70] ശ്രീ. എം. എം. ആൻറണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുതുതായി അനുവദിച്ച സ്കൂളുകൾ എത്ര;

(ബി) ഈ സ്കൂളുകൾ അനുവദിക്കുന്നതിൽ സ്വീകരിച്ച മാനദണ്ഡം എന്താണു്;

(സി) കോതകുളങ്ങര വില്ലേജിൽ കിടങ്ങർ എന്ന സ്ഥലത്തു് ഒരു പ്രൈമറിസ്കൂൾ അനുവദിക്കുന്നതിനു് പഞ്ചായത്തിൽനിന്നും അപേക്ഷിക്കുകയുണ്ടായിട്ടു് അതു് അനുവദിക്കാഞ്ഞതിന്റെ കാരണമെന്താണു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 106.

(ബി) ചുറ്റുപാടുമുള്ള സ്കൂളുകളുടെ ദൂരം, അപേക്ഷകരുടെ സാമ്പത്തികസ്ഥിതി, സ്കൂളിന്റെ ആവശ്യകത മുതലായവ പരിഗണിച്ചാണു് പുതിയ സ്കൂളുകൾ അനുവദിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly